LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് നൽകാൻ നടപടി

5 [2985] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഏത് കാലയളവുവരെ കൊടുത്തുതീർത്തിട്ടുണ്ടെന്ന് സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് എന്നീ ക്രമത്തിൽ വെളിപ്പെടുത്താമോ;

(ബി) കുടിശ്ശിക തീർത്തുനൽകുന്നതിന് സർക്കാർ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂൾതലത്തിൽ പട്ടികജാതി വിദ്യാർത്ഥികളുടെ 2005-2006-ലെ ലംപ്സംഗ്രാന്റ് തുക മുൻകൂർ മാറി നൽകിയിട്ടുണ്ട്. കോളേജ് തലത്തിൽ 2005-2006-ലെ ലംപ്സംഗ്രാന്റും 4 മാസത്തെ സ്റ്റൈപെന്റും മുൻകൂറായി നൽകിയിട്ടുണ്ട്. സർക്കാർ/എയ്ഡഡ് പ്രൊഫഷണൽ കോളേജുകൾക്ക് 2005-2006-ലെ ലംപ്സംഗ്രാന്റും 4 മാസത്തെ സ്റ്റൈപെന്റും മുൻകൂറായി അനുവദിച്ചു നൽകിയിട്ടുണ്ട്.

പ്രീ മെട്രിക് തലത്തിൽ സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും സെപ്റ്റംബർ 2005 വരെയുള്ള സ്റ്റൈപെന്റും അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രൊഫഷണൽ കോളേജുകളിലും മറ്റു കോളേജുകളിലും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സെപ്റ്റംബർ 2005 വരെയുള്ള സ്റ്റൈപെന്റ് എന്നിവ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് 2004-2005 വർഷത്തിൽ 1078.39 ലക്ഷം കുടിശ്ശിക ഉണ്ടായിരുന്നതിൽ 30-6-2005 വരെ 837.34 ലക്ഷം നൽകിക്കഴിഞ്ഞു. ബാക്കിയുള്ള 241.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

നടപ്പുവർഷാരംഭത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് തലത്തിൽ കുടിശ്ശികയായിരുന്ന 1,70,98,672 രൂപയിൽ 17,75,603 രൂപയും പോസ്റ്റ് മെട്രിക് തലത്തിൽ കുടിശ്ശികയായിരുന്ന 2,24,81,000 രൂപയിൽ 2,16,35,202 രൂപയും 2005 ജൂൺ മാസത്തിൽ തന്നെ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചുവരുന്നു.